| Code No. | T – 2096 |
|---|---|

**Entrance Examination for Admission to the P.G. Courses in the Teaching Departments, 2024**

**CSS**

**MALAYALAM LANGUAGE AND LITERATURE**

**General Instructions**

1. The Question Paper is having 100 Objective Questions, each carrying one mark.
2. The answers are to be (✓) 'tick marked' **only** in the "**Response Sheet**" provided.
3. **Negative marking** : **0.25 marks** will be deducted for each wrong answer .

**Time : 2 Hours** **Max. Marks : 100**

| To be filled in by the Candidate | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| Register Number | in Figures | | | | | | | | |
| | in words | | | | | | | | |

താഴെ കൊടുത്തിരിക്കുന്നതിൽ നിന്നും ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക :

**(100 × 1 = 100 marks)**

1. ലീലാതിലകത്തിൽ എത്ര ശില്പങ്ങളുണ്ട്?

   A. 4 B. 5

   C. 8 D. 6

DO NOT WRITE HERE

---

2. മനോഹരമായ വർണ്ണനാവസനങ്ങൾ തൂക്കിയിടാനുള്ള ഒരയക്കോൽ മാത്രമാണ് ചമ്പുവിന്റെ ഇതിവൃത്തം എന്ന് പറഞ്ഞതാര്?

   A. എൻ. കൃഷ്ണപിള്ള
   B. പി. ശങ്കരൻ നമ്പ്യാർ
   C. ഉള്ളൂർ
   D. പി.വി. വേലായുധൻ പിള്ള

3. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥം ഏതാണ്?

   A. വർത്തമാനപ്പുസ്തകം
   B. വേദതർക്കം
   C. സംക്ഷേപവേദാർത്ഥം
   D. മിശിഹാചരിത്രം

4. 'മയൂരസന്ദേശം' - രചിച്ചതാര്?

   A. ഏ.ആർ. രാജരാജവർമ്മ
   B. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ
   C. കാളിദാസൻ
   D. സ്വാതിതിരുനാൾ

5. പ്രാസവാദത്തിന് തുടക്കം കുറിച്ച മലയാള ദിനപ്പത്രം ഏതാണ്?

A. മാതൃഭൂമി
B. വിവേകോദയം
C. മലയാള മനോരമ
D. മിതവാദി

6. കലാമണ്ഡലം സ്ഥാപിച്ച മഹാകവിയാര്?

A. മഹാകവി കുട്ടമത്ത്
B. കുമാരനാശാൻ
C. വള്ളത്തോൾ
D. പി. കുഞ്ഞിരാമൻ നായർ

7. അരിസ്റ്റോട്ടിൽ സ്ഥാപിച്ച വിദ്യാലയത്തിന്റെ പേര്?

A. അക്കാദമി
B. ലൈസിയം
C. നളന്ദ
D. തക്ഷശില

8. Lyrical Ballads ന് മുഖവുര (Preface) തയ്യാറാക്കിയത് താഴെ പറയുന്നവരിൽ ആരാണ്?

A. കോളറിഡ്ജ്
B. വേർഡ്സ്വർത്ത്
C. കോളറിഡ്ജും വേർഡ്സ്വർത്തും ചേർന്ന് എഴുതി
D. മാത്യു അർണോൾഡ്

9. പ്രതിഭയെ കാരയത്രി, ഭാവയത്രി എന്ന് രണ്ടായി തിരിച്ച കാവ്യമീമാംസകൻ ആരാണ്?

A. മമ്മടൻ
B. ജഗന്നാഥപണ്ഡിതൻ
C. രാജശേഖരൻ
D. ദണ്ഡി

10. ശൃംഗാരത്തിന്റെ സ്ഥായീഭാവം താഴെ പറയുന്നതിൽ ഏതാണ്?

A. ശാന്തം
B. ശോകം
C. വിസ്മയം
D. രതി

11. ധ്വനി സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് ആരാണ്?

A. കുന്തകൻ
B. ക്ഷേമേന്ദ്രൻ
C. ആനന്ദവർദ്ധനൻ
D. അഭിനവഗുപ്തൻ

12. ലൈറ്റ് ഓഫ് ഏഷ്യയുടെ സ്വതന്ത്രവിവർത്തനം താഴെപറയുന്നതിൽ ഏത് കൃതിയാണ്?

A. ശ്രീബുദ്ധചരിതം
B. ചണ്ഡാലഭിക്ഷുകി
C. കരുണ
D. ദുരവസ്ഥ

13. ചിത്രയോഗം - മഹാകാവ്യം രചിച്ചതാര്?

A. ആശാൻ
B. വള്ളത്തോൾ
C. ഉള്ളൂർ
D. കെ.സി. കേശവപിള്ള

14. ഭാര്യയുടെ അകാലവിയോഗത്തിൽ വിലപിച്ചുകൊണ്ട് നാലപ്പാട്ട് നാരായണമേനോൻ രചിച്ച വിലാപകാവ്യം ഏതാണ്?

A. ഒരു വിലാപം
B. ബാഷ്പാഞ്ജലി
C. പ്രേമഗീതി
D. കണ്ണുനീർത്തുള്ളി

15. മദനൻ കഥാപാത്രമാകുന്ന രണ്ടു കാവ്യങ്ങൾ ഏതൊക്കെയാണ്?

A. ലീല, രമണൻ
B. ലീല, നളിനി
C. കരുണ, രമണൻ
D. നളിനി, രമണൻ

16. കുണ്ഡലിനിപ്പാട്ട് രചിച്ചതാര്?

A. കുമാരനാശാൻ
B. മൂലൂർ
C. ശ്രീനാരായണഗുരു
D. കെ.പി. കറുപ്പൻ

17. ചങ്ങമ്പുഴ രചിച്ച ആത്മകഥ താഴെപറയുന്നതിൽ ഏതാണ്?

A. തുടിക്കുന്ന താളുകൾ
B. രമണൻ
C. മനസ്വിനി
D. നെടുവീർപ്പ്

18. ഭാഷയിലെ താജ് എന്ന് സഞ്ജയൻ വിശേഷിപ്പിച്ച വിലാപകാവ്യം ഏതാണ്?

A. കണ്ണുനീർത്തുള്ളി
B. ബധിരവിലാപം
C. ഒരു വിലാപം
D. തിലോദകം

19. ഭാഷാനാടകങ്ങളെ പരിഹസിച്ചുകൊണ്ട് മുൻഷി രാമക്കുറുപ്പ് രചിച്ച കൃതി ഏതാണ്?

A. മറിയാമ്മാനാടകം
B. കല്യാണീനാടകം
C. ചക്കീചങ്കരം
D. കുറുപ്പില്ലാ കളരി

20. മലയാളത്തിലെ ആദ്യത്തെ ശബ്ദചിത്രം ഏതാണ്?

A. വിഗതകുമാരൻ
B. മാർത്താണ്ഡവർമ്മ
C. പടയോട്ടം
D. ബാലൻ

21. 'A Room of One's Own' - എന്ന ഗ്രന്ഥം രചിച്ചതാര്?

A. വെർജീനിയ വുൾഫ്
B. സിമോൺ ഡി ബൊവ
C. ക്രിസ്റ്റീന ഹോഫ്
D. ഹോക്സ് വർത്ത് മേരി

22. കേരളപാണിനീയം ഒന്നാം പതിപ്പിന് അവതാരിക എഴുതിയത് ആര്?

A. സാഹിത്യപഞ്ചാനനൻ പി.കെ. നാരായണപിള്ള
B. പി.കെ. നാരായണപിള്ള
C. കേരളവർമ്മ വലിയകോയിത്തമ്പുരാൻ
D. ഗോദവർമ്മ

23. ഒരു മലയാളി മലയാളത്തിൽ എഴുതിയ ആദ്യത്തെ വ്യാകരണഗ്രന്ഥം?

A. മലയാളഭാഷാവ്യാകരണം
B. മലയാണ്മയുടെ വ്യാകരണം
C. കേരളഭാഷാവ്യാകരണം
D. കേരളകൗമുദി

24. 'മലയാളത്തിന്റെ തല' എന്ന കവിത ആരെക്കുറിച്ചുള്ളതാണ്?

A. ശ്രീനാരായണഗുരു
B. ഏ.ആർ. രാജരാജവർമ്മ
C. ശങ്കരാചാര്യർ
D. കുമാരനാശാൻ

25. മലയാളത്തിലെ ആദ്യത്തെ സാഹിത്യചരിത്രഗ്രന്ഥം ഏതാണ്?

A. കേരളസാഹിത്യചരിത്രം
B. മലയാളഭാഷാചരിത്രം
C. മലയാളസാഹിത്യചരിത്രം
D. കേരളഭാഷാസാഹിത്യചരിത്രം

26. മലയാളത്തിലെ ആദ്യത്തെ ചരിത്രനോവൽ ഏതാണ്?

A. ധർമ്മരാജ B. കേരളേശ്വരൻ

C. അക്ബർ D. മാർത്താണ്ഡവർമ്മ

27. എസ്.കെ. പൊറ്റെക്കാട്ടിന് ജ്ഞാനപീഠപുരസ്കാരം ലഭിച്ച വർഷം ഏതാണ്?

A. 1980 B. 1984

C. 1972 D. 1990

28. വയനാട് പശ്ചാത്തലമാക്കി ഷീലാ ടോമി രചിച്ച നോവൽ ഏതാണ്?

A. ആ നദിയോട് പേര് ചോദിക്കരുത് B. വല്ലി

C. കൂമൻ കൊല്ലി D. വള്ളൂരമ്മ

29. അമ്മ മലയാളം എന്ന കവിത രചിച്ചതാരാണ്?

A. എം.ബി. മനോജ് B. കുരീപ്പുഴ ശ്രീകുമാർ

C. ഡി. വിനയചന്ദ്രൻ D. വീരാൻ കുട്ടി

30. നളചരിതം ആട്ടക്കഥയെ മലയാളത്തിലെ ശാകുന്തളം എന്ന് വിശേഷിപ്പിച്ചതാര്?

A. ജോസഫ് മുണ്ടശ്ശേരി B. കുട്ടികൃഷ്ണമാരാർ

C. എൻ. കൃഷ്ണപിള്ള D. പി. ഗോവിന്ദപ്പിള്ള

31. ആമസോൺ എന്ന കഥ എഴുതിയത് ആര്?

A. സുസ്മേഷ് ചന്ദ്രോത്ത് B. അശോകൻ ചരുവിൽ

C. അയ്മനം ജോൺ D. പി.വി. ഷാജി കുമാർ

32. ഇക്കോക്രിട്ടിസിസം എന്ന വാക്ക് ആദ്യം പ്രയോഗിച്ചത് ആര്?

A. വില്യം റുക്കോർട്ട് B. ജോസഫ് മീക്കർ

C. ഹരോൾഡ് ഫോം D. ചെറിൽ ഗ്ലോട്ട്ഫെൽറ്റി

33. കെട്ടജീവിതമുണ്ടെനിക്കെന്നാൽ

മറ്റൊരു കാവ്യജീവിതം മണ്ണിൽ-

ഏത് കാവ്യത്തിൽ നിന്നുള്ളതാണ് ഈ വരികൾ?

A. കന്നിക്കൊയ്ത്ത്
B. മകരക്കൊയ്ത്ത്
C. കുടിയൊഴിക്കൽ
D. കളിയച്ഛൻ

34. സഹ്യന്റെ മകൻ എന്ന കവിതയ്ക്ക് മനഃശാസ്ത്രപരമായ നിരൂപണം നിർവ്വചിച്ചതാര്?

A. കുട്ടിക്കൃഷ്ണമാരാർ
B. മുണ്ടശ്ശേരി
C. ലീലാവതി
D. കേസരി

35. ഖണ്ഡനവിമർശനമേ വിമർശനമാകൂ എന്നു വാദിച്ചുകൊണ്ട് മലയാള വിമർശനരംഗത്തെത്തിയ നിരൂപകൻ ആരാണ്?

A. സുകുമാർ അഴീക്കോട്
B. കേരളവർമ്മ
C. എസ്.കെ. നായർ
D. എം.പി. പോൾ

36. മലയാളഭാഷയുടെ ഉല്പത്തി മൂലദ്രാവിഡത്തിൽ നിന്നാണെന്നും ഔത്പത്തികമായി നമ്മുടെ ഭാഷയ്ക്ക് തമിഴിനോട് ബന്ധം കല്പിക്കാനാവില്ലെന്നും ആദ്യമായി വാദിച്ചത് ആരാണ്?

A. പി. ഗോവിന്ദപിള്ള
B. ആറ്റൂർ കൃഷ്ണപിഷാരടി
C. ഇളംകുളം
D. വടക്കുംകൂർ

37. ഭാഷാകൗടലീയത്തിന് അവതാരിക എഴുതിയത് ആരാണ്?

A. കെ.എം. ജോർജ്ജ്
B. ചേലനാട്ട് അച്യുതമേനോൻ
C. എസ്.കെ. നായർ
D. കെ.എൻ. എഴുത്തച്ഛൻ

38. ദ്രാവിഡമധ്യമം എന്നു വിളിക്കുന്ന അക്ഷരം ഏതാണ്?

A. ള
B. യ
C. ഹ
D. ര

39. മരത്തിൽ നിന്ന് എന്ന പദം വ്യാകരണപരമായി ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു?

A. സമാസവിഭക്തി

B. മിശ്രവിഭക്തി

C. വിഭക്ത്യാഭാസം

D. വിഭക്തി

40. ഗുണ്ടർട്ട് സംവൃതോകാരത്തിന് നൽകിയ പേരെന്താണ്?

A. സംവൃതോകാരം

B. അർദ്ധാച്ച്

C. വിവൃതോകാരം

D. അരയുകാരം

41. ഉച്ചാരണത്തിലെ ഏറ്റവും ചെറിയ ഘടകം സ്വനിമമാണെന്ന് പറഞ്ഞ ഭാഷാശാസ്ത്രജ്ഞൻ ആരാണ്?

A. ഫെർഡിനന്റ് ഡി സൊസ്യൂർ

B. നോംചോംസ്കി

C. പോൾ ഡ്യൂസ്സെൻ

D. കാൽഡ്വൽ

42. Death of the Author – രചിച്ചത് ആരാണ്?

A. ദറിദ

B. റൊളാങ് ബാർത്ത്

C. സൊസ്യൂർ

D. ഭർതൃഹരി

43. 'കരുണ' കാവ്യം ഏത് വൃത്തത്തിലാണ് രചിച്ചിരിക്കുന്നത്?

A. നതോന്നത

B. അന്നനട

C. കേക

D. കളകാഞ്ചി

44. ഉദയംപേരൂർ സൂനഹദോസ് നടന്ന വർഷം ഏതാണ്?

A. 1699

B. 1959

C. 1969

D. 1599

45. ശാന്തത്തെ മഹാരസം എന്ന് വിളിച്ചതാര്?

A. ഭട്ടല്ലോല്ലടൻ

B. ആനന്ദവർദ്ധനൻ

C. അഭിനവഗുപ്തൻ

D. ഭട്ടനായകൻ

46. നമുക്കെഴുത്തച്ഛനെടുത്ത ഭാഷാക്രമക്കണക്കെ ശരണം - എന്ന് പറഞ്ഞ കവി ആരാണ്?

A. കേരളവർമ്മ
B. കുഞ്ഞിക്കുട്ടൻ തമ്പുരാൻ
C. ഉള്ളൂർ
D. വള്ളത്തോൾ

47. പദ്യം വാർക്കുന്ന തോതിന് വൃത്തശാസ്ത്രം നല്കുന്ന പേരെന്താണ്?

A. വൃത്തം
B. ഛന്ദസ്സ്
C. പാദം
D. അലങ്കാരം

48. ആദ്യത്തെ വനിതാമാസിക ഏതാണ്?

A. കേരളീ സുഗുണ ബോധിനി
B. ശാരദ
C. മഹാറാണി
D. വനിത

49. ഗദ്യകവിത എന്ന് വിശേഷിപ്പിക്കപ്പെട്ട നോവൽ ഏതാണ്?

A. നാലുകെട്ട്
B. മഞ്ഞ്
C. ഉമ്മാച്ചു
D. വിലാപയാത്ര

50. 'കോക്കാഞ്ചറ'യുടെ കഥ പറയുന്ന നോവൽ ഏതാണ്?

A. തട്ടകം
B. ഒരു ദേശത്തിന്റെ കഥ
C. ആലാഹയുടെ പെൺമക്കൾ
D. ആദി

51. വാസ്കോഡി-ഗാമ കേരളത്തിൽ എത്തിയ വർഷം ഏതാണ്?

A. 1548
B. 1498
C. 1458
D. 1948

52. വയലാർ അവാർഡ് ലഭിച്ച ആദ്യ കൃതി ഏതാണ്?

A. ഇനി ഞാനുറങ്ങട്ടെ
B. യന്ത്രം
C. അഗ്നിസാക്ഷി
D. കയർ

53. മലയാളത്തിലെ യാത്രാവിവരണങ്ങളെ പരിഹസിച്ചെഴുതിയ കൃതി ഏതാണ്?

A. വേളൂർ ടു മോസ്കോ

B. ഒരു ഹിമാലയ യാത്ര

C. ഒരു തീർത്ഥയാത്ര

D. രണ്ടിലയും ഒരു തിരിയും

54. മലയാളത്തിലെ ആദ്യത്തെ തനതുനാടകം ഏതാണ്?

A. അവനവൻ കടമ്പ

B. കലി

C. സാക്ഷി

D. ദൈവത്താർ

55. തലയിലെ വേദന - സമാസം ഏതാണ്?

A. ദ്വന്ദ്വസമാസം

B. അവ്യയീഭാവൻ

C. തത്പുരുഷൻ

D. കർമ്മധാരയൻ

56. വിധേയൻ എന്ന സിനിമയുടെ മൂലകൃതി ഏതാണ്?

A. ഭാസ്കരപട്ടേലരും എന്റെ ജീവിതവും

B. പള്ളിവാളും കാൽച്ചിലമ്പും

C. ചെമ്മീൻ

D. മതിലുകൾ

57. കേരളത്തിൽ ആദ്യമായി നിരോധിക്കപ്പെട്ട പത്രം ഏത്?

A. നസ്രാണി ദീപിക

B. സ്വദേശാഭിമാനി

C. കേരളദർപ്പണം

D. സന്ദിഷ്ടവാദി

58. സി.ജെ. തോമസിന്റെ നാടകലക്ഷണഗ്രന്ഥം ഏതാണ്?

A. അന്വേഷണങ്ങൾ

B. ഉയരുന്ന യവനിക

C. വിലയിരുത്തൽ

D. സി.ജെ. വിചാരവും വീക്ഷണവും

59. 'ദൈവം മരിച്ചു' എന്ന് പ്രഖ്യാപിച്ച തത്വചിന്തകൻ ആരാണ്?

A. കാഫ്ക

B. കാമു

C. നീഷെ

D. ബഫോൺ

60. രാമകഥപ്പാട്ട് പാടാൻ ഉപയോഗിച്ചിരുന്ന വാദ്യോപകരണത്തിന്റെ പേര്

A. ചന്ദ്രവളയം
B. നന്തുണി
C. വീണ
D. തുടി

61. ആറന്മുള അപ്പനെ പ്രകീർത്തിച്ചുകൊണ്ടെഴുതിയ പാട്ടുകാവ്യം ഏതാണ്?

A. രാമകഥപ്പാട്ട്
B. പടപ്പാട്ട്
C. തിരുനിഴൽമാല
D. പയ്യന്നൂർപ്പാട്ട്

62. വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതികൾ ഇംഗ്ലീഷിലേയ്ക്ക് പരിഭാഷപ്പെടുത്തിയത് ആര്?

A. എ.ഇ. ആഷർ
B. ജോൺ സ്റ്റീൻ ബക്ക്
C. ജോർജ്ജ് ഓർവെൽ
D. എം.പി. സദാശിവൻ

63. കേരളപാണിനീയഭാഷ്യം എന്ന കൃതി രചിച്ചതാര്?

A. കേരളവർമ്മ
B. സി.ജെ. ജോർജ്ജ്
C. സി.എൽ. ആന്റണി
D. ജോർജ്ജ് ഓണക്കൂർ

64. ഹൈമവതഭൂവിൽ - ആരുടെ യാത്രാവിവരണ ഗ്രന്ഥമാണ്?

A. കുമാരനാശാൻ
B. എസ്.കെ. പൊറ്റക്കാട്
C. സക്കറിയ
D. വീരേന്ദ്രകുമാർ

65. ബൈബിൾ സമ്പൂർണ്ണമായി മലയാളത്തിലേയ്ക്ക് ആദ്യം വിവർത്തനം ചെയ്തത് ആര്?

A. ബെഞ്ചമിൻ ബെയ്‌ലി
B. ഗുണ്ടർട്ട്
C. ഫിലിപ്പോസ് റമ്പാൻ
D. മാർട്ടിൻ ലൂഥർ

66. ഭാഷാസംക്രമണവാദം അവതരിപ്പിച്ച പണ്ഡിതൻ ആരാണ്?

A. ഗോദവർമ്മ
B. സി.എൽ. ആന്റണി
C. പി. ഗോവിന്ദപ്പിള്ള
D. ഇളംകുളം കുഞ്ഞൻപിള്ള

67. ശ്രീനാരായണഗുരുവിനെപ്പറ്റി മലയാളത്തിൽ ആദ്യം പ്രസിദ്ധീകരിച്ച പുസ്തകം ഏതാണ്?

A. ശ്രീനാരാണഗുരുസ്വാമികൾ
B. ശ്രീനാരായണഗുരു
C. നാരായണഗുരു
D. ഗുരുവിന്റെ പെട്ടകം

68. 'ആനയച്ച്' എന്ന ചോളനാണയത്തെപ്പറ്റി പരാമർശിക്കുന്ന പ്രാചീന ചമ്പൂകൃതി ഏതാണ്?

A. നൈഷധം ചമ്പു
B. ഉണ്ണിയാടീചരിതം
C. ഉണ്ണിയച്ചീചരിതം
D. ഉണ്ണിച്ചിരുതേവീചരിതം

69. ബന്യാമൻ ആടുജീവിതത്തിൽ ആരുടെ ജീവിതമാണ് അടിസ്ഥാനമായി സ്വീകരിച്ചത്?

A. നജീബ്
B. നസീബ്
C. മൈമുന
D. മജീദ്

70. 'ഋഷിയല്ലാത്തവൻ കവിയല്ല' എന്ന് പറഞ്ഞ പൗരസ്ത്യ കാവ്യചിന്തകൻ ആരാണ്?

A. ഭട്ടലൊല്ലടൻ
B. അഭിനവഗുപ്തൻ
C. ഭട്ടനായകൻ
D. ഭട്ടതൗതൻ

71. വിനയെച്ചത്തെ ഭേദകമായി ഉപയോഗിക്കുമ്പോൾ വിളിക്കുന്ന പേരെന്താണ്?

A. ക്രിയാംഗജം
B. വിഭാവകം
C. നാമാംഗജം
D. സാർവനാമികം

72. ഗീതാഗോവിന്ദത്തിന്റെ മറ്റൊരു പേരെന്താണ്?

A. ഏകലോചനം
B. അഷ്ടപദി
C. അഷ്ടാധ്യായി
D. നാഗാനന്ദം

73. മലയാളത്തിലെ ഹോമർ എന്നറിയപ്പെടുന്ന കവി ആരാണ്?

A. അയ്യനപിള്ള ആശാൻ
B. കുമാരനാശാൻ
C. അയ്യിപ്പിള്ള ആശാൻ
D. വള്ളത്തോൾ

74. വായനക്കാരാ നിങ്ങൾ ജീവിച്ചിരിക്കുന്നുവോ - എന്ന ഉപന്യാസസമാഹാരം എഴുതിയത് ആരാണ്?

A. എൻ.വി. കൃഷ്ണവാര്യർ
B. എൻ. കൃഷ്ണപിള്ള
C. എം.എൻ. വിജയൻ
D. എം. കൃഷ്ണൻനായർ

75. കയ്യൂർ സമരത്തിന്റെ ചരിത്രം പറയുന്ന നോവൽ ഏതാണ്?

A. ചാവൊലി
B. ചിരസ്മരണ
C. ദിശ
D. തിയൂർരേഖകൾ

76. സാറാജോസഫിന്റെ 'പാപത്തറ'യ്ക്ക് ആമുഖം എഴുതിയത് ആര്?

A. ഡോ. എം. ലീലാവതി
B. കെ.പി. അപ്പൻ
C. കെ. സച്ചിദാനന്ദൻ
D. കെ. അയ്യപ്പപ്പണിക്കർ

77. എൻഡോ സൾഫാൻ ദുരന്തം വിഷയമായി വരുന്ന മലയാള നോവൽ ഏതാണ്?

A. മരക്കാപ്പിലെ തെയ്യങ്ങൾ
B. എൻമകജെ
C. ജീവിതത്തിന്റെ പുസ്തകം
D. ആയുസ്സിന്റെ പുസ്തകം

78. കേരളത്തിലെ ദേവദാസികളെക്കുറിച്ച് ആദ്യമായി പരാമർശിക്കുന്ന ശാസനം ഏതാണ്?

A. ചോക്കൂർ ശാസനം
B. വാഴപ്പള്ളി ചെപ്പോട്
C. തരിസാപ്പള്ളി ചെപ്പേട്
D. തിരുവല്ലാശാസനം

79. ദ്രാവിഡ അക്ഷരമാലയിൽ എത്ര അക്ഷരങ്ങൾ ഉണ്ട്?

A. 30
B. 28
C. 51
D. 56

80. 'പാവങ്ങൾ' എന്ന പേരിൽ Les Miserables എന്ന ഫ്രഞ്ച് നോവൽ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തത് ആരാണ്?

A. വള്ളത്തോൾ നാരായണമേനോൻ
B. നാലാപ്പാട്ട് നാരായണമേനോൻ
C. നാലപ്പാട്ട് ബാലാമണിയമ്മ
D. എം.ഡി. നാലപ്പാട്ട്

81. വാസനാ വികൃതി എന്ന കഥ പ്രസിദ്ധീകരിച്ച വർഷം

A. 1981
B. 1891
C. 1991
D. 1881

82. ശ്രീനാരായണഗുരുവിനെ കേന്ദ്രമാക്കി കെ. സുരേന്ദ്രൻ രചിച്ച നോവൽ ഏതാണ്?

A. ശ്രീനാരായണഗുരു
B. ഗുരുദേവൻ
C. ഗുരു
D. ഗുരുസ്വാമികൾ

83. സന്ദേശകാവ്യവൃത്തം എന്ന് പ്രസിദ്ധിയാർജ്ജിച്ച വൃത്തം ഏതാണ്?

A. വസന്തതിലകം
B. മന്ദാക്രാന്ത
C. നതോന്നത
D. അന്നനട

84. മലയാളത്തിലെ ആദ്യത്തെ ആത്മകഥ ഏതാണ്?

A. ആത്മകഥ
B. ആത്മകഥാസംക്ഷേപം
C. ഓർമ്മകളുടെ ലോകത്തിൽ
D. ഓർമ്മകളുടെ തീരങ്ങളിൽ

85. ലോക ഫോക്‌ലോർ ദിനം എന്നാണ്?

A. ആഗസ്റ്റ് 21
B. ഒക്ടോബർ 22
C. ഒക്ടോബർ 21
D. ആഗസ്റ്റ് 22

86. മലയാള വിമർശനത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന വിമർശകൻ ആരാണ്?

A. സുകുമാർ അഴീക്കോട്
B. സി. പി. അച്യുതമേനോൻ
C. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ
D. ഏ.ആർ. രാജരാജവർമ്മ

87. വിലാസിനി എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന നോവലിസ്റ്റ് ആരാണ്?

A. എം.കെ. സാനു
B. കെ.എം. തരകൻ
C. പി.സി. കുട്ടിക്കൃഷ്ണൻ
D. എം.കെ. മേനോൻ

88. മലബാറിലെ ഔഷധച്ചെടികളെ കുറിച്ചെഴുതിയ പ്രാചീനഗ്രന്ഥം ഏതാണ്?

A. ബ്രഹ്മാണ്ഡപുരാണം
B. സസ്യങ്ങളുടെ പ്രകൃതി ചരിത്രം
C. ഹോർത്തൂസ് മലബാറിക്കസ്
D. സംക്ഷേപവേദാർത്ഥം

89. ജോൺ എബ്രഹാമിന്റെ സ്മരണയിൽ ബാലചന്ദ്രൻ ചുള്ളിക്കാട് എഴുതിയ കവിത ഏതാണ്?

A. ഗന്ധർവ്വൻ
B. ഒരു കവിയുടെ സംശയങ്ങൾ
C. ഗസൽ
D. എവിടെ ജോൺ?

90. അള്ളാപിച്ച മൊല്ലാക്ക ഏത് നോവലിലെ കഥാപാത്രമാണ്?

A. ബാല്യകാലസഖി
B. പാത്തുമ്മയുടെ ആട്
C. ഖസാക്കിന്റെ ഇതിഹാസം
D. മതിലുകൾ

91. വൈലോപ്പിള്ളിയെപ്പറ്റി സച്ചിദാനന്ദൻ എഴുതിയ കവിത ഏതാണ്?

A. പ്രിയപ്പെട്ട വൈലോപ്പിള്ളിക്ക്
B. അന്നം
C. ഇവനെക്കൂടി
D. മലയാളം

92. 'തീയാട്ട്' എന്ന പദത്തിലെ സന്ധി ഏതാണ്?

A. ആഗമം
B. ലോപം
C. ദ്വിത്വം
D. ആദേശം

93. കൈകാലുകൾ - എന്നിടത്തെ സമാസം ഏതാണ്?

A. അവ്യയീഭാവൻ
B. ബഹുവ്രീഹി
C. ദ്വന്ദൻ
D. തത്പുരുഷൻ

94. കേക വൃത്തത്തിന് ഒരു പാദത്തിൽ എത്ര അക്ഷരം ഉണ്ടായിരിക്കണം?

A. 14
B. 12
C. 10
D. 7

95. എല്ലിൽ കടിച്ചു മുറിഞ്ഞുവോ പല്ലുകൾ?
ഇല്ല നിങ്ങൾക്കു വിവേകമൊട്ടും
പാരം ചുരുണ്ട തൊലിയിതിൻ താഴത്തു
വാരിയെല്ലുണ്ടെന്നറിഞ്ഞുകൂടെ?
- ഏത് കവിതയിലെ വരികളാണിത്?

A. നീണ്ട കവിതകൾ
B. എലികൾ
C. സംക്രമണം
D. കുരുക്ഷേത്രം

96. ''വാസന്തീമധുവാർന്നവാക്കിനു സജാതീയ ദ്വിതീയാക്ഷരപ്രാസം ചേർപ്പതു കൈരളീ മഹിളതൻ മംഗല്യമെന്നോർക്കണം'' എന്ന് പ്രാസത്തെ നിരീക്ഷിച്ചതാരാണ്?

A. കെ.സി. കേശവപിള്ള
B. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ
C. ഏ.ആർ. രാജരാജവർമ്മ
D. ഉള്ളൂർ

97. വട്ടം + പലക = വട്ടപ്പലകയാകുന്നത് ഏത് സന്ധിപ്രകാരമാണ്?

A. വ്യഞ്ജനസന്ധി
B. ദ്വിത്വസന്ധി
C. ലോപസന്ധി
D. ആദേശസന്ധി

98. ലേബർ റൂം എന്ന നാടകം രചിച്ചതാര്?

A. സാറാ ജോസഫ്
B. കെ.പി.എ.സി. ലളിത
C. സജിത മഠത്തിൽ
D. കെ.വി. ശ്രീജ

99. മലയാളത്തിലെ ആദ്യത്തെ പാട്ടുകൃതി ഏതാണ്?

A. രാമചരിതം
B. രാമകഥപ്പാട്ട്
C. വാത്മീകിരാമായണം
D. അദ്ധ്യാത്മരാമായണം

100. ചണ്ഡാലഭിക്ഷുകിക്ക് അവതാരിക എഴുതിയത് ആര്?

A. വള്ളത്തോൾ
B. ഏ.ആർ. രാജരാജവർമ്മ
C. ഉള്ളൂർ
D. കേരളവർമ്മ

---

ANSWER SHEET

| | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | A | B | C | D | E | 26 | A | B | C | D | E | 51 | A | B | C | D | E | 76 | A | B | C | D | E |
| 2 | A | B | C | D | E | 27 | A | B | C | D | E | 52 | A | B | C | D | E | 77 | A | B | C | D | E |
| 3 | A | B | C | D | E | 28 | A | B | C | D | E | 53 | A | B | C | D | E | 78 | A | B | C | D | E |
| 4 | A | B | C | D | E | 29 | A | B | C | D | E | 54 | A | B | C | D | E | 79 | A | B | C | D | E |
| 5 | A | B | C | D | E | 30 | A | B | C | D | E | 55 | A | B | C | D | E | 80 | A | B | C | D | E |
| 6 | A | B | C | D | E | 31 | A | B | C | D | E | 56 | A | B | C | D | E | 81 | A | B | C | D | E |
| 7 | A | B | C | D | E | 32 | A | B | C | D | E | 57 | A | B | C | D | E | 82 | A | B | C | D | E |
| 8 | A | B | C | D | E | 33 | A | B | C | D | E | 58 | A | B | C | D | E | 83 | A | B | C | D | E |
| 9 | A | B | C | D | E | 34 | A | B | C | D | E | 59 | A | B | C | D | E | 84 | A | B | C | D | E |
| 10 | A | B | C | D | E | 35 | A | B | C | D | E | 60 | A | B | C | D | E | 85 | A | B | C | D | E |
| 11 | A | B | C | D | E | 36 | A | B | C | D | E | 61 | A | B | C | D | E | 86 | A | B | C | D | E |
| 12 | A | B | C | D | E | 37 | A | B | C | D | E | 62 | A | B | C | D | E | 87 | A | B | C | D | E |
| 13 | A | B | C | D | E | 38 | A | B | C | D | E | 63 | A | B | C | D | E | 88 | A | B | C | D | E |
| 14 | A | B | C | D | E | 39 | A | B | C | D | E | 64 | A | B | C | D | E | 89 | A | B | C | D | E |
| 15 | A | B | C | D | E | 40 | A | B | C | D | E | 65 | A | B | C | D | E | 90 | A | B | C | D | E |
| 16 | A | B | C | D | E | 41 | A | B | C | D | E | 66 | A | B | C | D | E | 91 | A | B | C | D | E |
| 17 | A | B | C | D | E | 42 | A | B | C | D | E | 67 | A | B | C | D | E | 92 | A | B | C | D | E |
| 18 | A | B | C | D | E | 43 | A | B | C | D | E | 68 | A | B | C | D | E | 93 | A | B | C | D | E |
| 19 | A | B | C | D | E | 44 | A | B | C | D | E | 69 | A | B | C | D | E | 94 | A | B | C | D | E |
| 20 | A | B | C | D | E | 45 | A | B | C | D | E | 70 | A | B | C | D | E | 95 | A | B | C | D | E |
| 21 | A | B | C | D | E | 46 | A | B | C | D | E | 71 | A | B | C | D | E | 96 | A | B | C | D | E |
| 22 | A | B | C | D | E | 47 | A | B | C | D | E | 72 | A | B | C | D | E | 97 | A | B | C | D | E |
| 23 | A | B | C | D | E | 48 | A | B | C | D | E | 73 | A | B | C | D | E | 98 | A | B | C | D | E |
| 24 | A | B | C | D | E | 49 | A | B | C | D | E | 74 | A | B | C | D | E | 99 | A | B | C | D | E |
| 25 | A | B | C | D | E | 50 | A | B | C | D | E | 75 | A | B | C | D | E | 100 | A | B | C | D | E |

**ROUGH WORK**

**ROUGH WORK**

## ROUGH WORK